(ബി) എങ്കിൽ അവർ പ്രസ്തുത പോസ്റ്റിൽ ജോയിൻ ചെയ്തത് നിയമാനുസൃതമാണെന്ന് കണ്ടെത്തിയോ;

(സി) അത് നിയമാനുസൃതമായിരുന്നെങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ;

(ഡി) പ്രസ്തുത കാര്യം പരിശോധിക്കാത്ത പക്ഷം അത് എന്തുകൊണ്ടെന്ന് അറിയിക്കുമോ;

(ഇ) ഈ വ്യക്തിക്ക് 17-9-2003-ലെ ജി.ഒ.(ആർ. റ്റി.) നം. 2840/03/ആർ. ഡി. എന്ന ഉത്തരവനുസരിച്ച് ആ പോസ്റ്റിലെ ഉദ്യോഗം മൂന്ന് മാസത്തേക്ക് നീട്ടിക്കൊടുത്തുവോ;

(എഫ്) എങ്കിൽ ആ നടപടി കെ. എസ്. ആർ.-ലെ വ്യവസ്ഥകളുടെ വെളിച്ചത്തിൽ ശരിയായിരുന്നുവോ;

(ജി) എങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(എച്ച്) അവർക്ക് കാലാവധി നീട്ടിക്കൊടുത്തപ്പോൾ ഹയർ എഡ്യൂക്കേഷൻ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നുവോ;

(ഐ) എങ്കിൽ ആ വകുപ്പിന്റെ അഭിപ്രായം എന്തായിരുന്നു?

ഉത്തരം

(എ—ഡി) ഇക്കാര്യം വിശദമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(ഇ) മൂന്നു മാസത്തേക്ക് നീട്ടിക്കൊടുത്തു.

(എഫ് & ജി) ഇക്കാര്യവും പരിശോധന വിധേയമാക്കുന്നുണ്ട്.

(എച്ച്) ഇല്ല.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

മാവൂർ ഗ്വാളിയോർ റയോൺസ്

29 [1323] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയോർ റയോൺസിന് ഫാക്ടറി ആരംഭിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം എത്ര ഭൂമി അക്വയർ ചെയ്ത് നൽകുകയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച് പ്രസ്തുത കമ്പനി മാനേജുമെന്റുമായി കരാർ ഒപ്പ് വച്ചത് എന്നാണ്;

(സി) പ്രസ്തുത കരാറിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 227.26 ഏക്കർ.

(ബി) 29-12-1959-ൽ.

(സി) കരാറിന്റെ കോപ്പി ലഭ്യമല്ല.

ആശാൻ സ്മാരകത്തിന്റെ വികസനം

30 [1324] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മംഗലപുരം പഞ്ചായത്തിലെ തോന്നക്കലിൽ സ്ഥിതിചെയ്യുന്ന ആശാൻ സ്മാരകത്തിന്റെ വികസനത്തിനുവേണ്ടി അടുത്തുള്ള വസ്തുവകകൾ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആദ്യഘട്ടമായി ഇതിനുചുറ്റുമുള്ള എത്ര ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് വില നിശ്ചയിച്ചുകൊണ്ട് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ സെന്റൊന്നിന് എത്രരൂപ വച്ചു കൊടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വസ്തുവകകൾ ഏറ്റെടുക്കുന്നതിലെ അപാകത ചൂണ്ടിക്കാണിച്ച് ലഭിച്ചിട്ടുള്ള പരാതികൾ കണക്കിലെടുത്ത് വില നിശ്ചയിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(എഫ്) ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വില നിശ്ചയിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് വിശദമാക്കാമോ;

(ജി) പ്രസ്തുത വസ്തുവകകൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(എച്ച്) ഇതുസംബന്ധിച്ച് ബന്ധപ്പെട്ട അധികാരികൾക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ? എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly